വിദഗ്ദ്ധന്മാർ ആദരിച്ചിരുന്നു. ആധികാരികമെന്നു് പരക്കെ അംഗീകരിക്കപ്പെട്ടതാണു് സ്വാതിതിരുനാളിനെപ്പററി ഡോക്ടർ അയ്യർ ഇംഗ്ലീഷിൽ രചിച്ച ഗ്രന്ഥം. കർണാടകസംഗീതത്തെപ്പററി അദ്ദേഹം മലയാളത്തിലെഴുതിയ പുസ്തകം കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇൻഡോളജി (ഭാരതീയവിദ്യ)യുടെ വിവിധ വശങ്ങൾ സംബന്ധിച്ച വളരെയധികം ഗവേഷണപ്രബന്ധങ്ങൾ ഡോ. വെങ്കിടസുബ്രഹ്മണ്യയ്യർ എഴുതിയിട്ടുണ്ടു്. പ്രാചീനഗ്രന്ഥപ്രസാധനത്തിലും ഗണനീയമാണു് അദ്ദേഹം നൽകിയ സേവനം. ശാസ്ത്രീയവിഷയങ്ങളെപ്പററി ലളിതമായ മലയാളത്തിൽ ആകർഷകമായി എഴുതുന്നതിനും അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. സൗമ്യവും വിനയനമ്രവുമായിരുന്നു അദ്ദേഹത്തിന്റെ പെരുമാററം.

സംസ്കൃതപാണ്ഡിത്യത്തിന്റെ പ്രാചീന–നവീന–ശൈലികളുടെ ഹൃദയംഗമമായ സമ്മേളനം ഡോക്ടർ കൃഷ്ണവാരിയർക്കും ഡോക്ടർ വെങ്കിടസുബ്രഹ്മണ്യയ്യർക്കും അധൃഷ്യതയോടൊപ്പം അഭിഗമ്യതയും നൽകിയിരുന്നു.

ആദരണീയരായ ഈ രണ്ടു സുഹൃത്തുക്കൾക്കു് എന്റെ അന്തിമ പ്രണാമം!

(8 ജൂൺ, 1984)

# 64. റൊണാൾഡ് ഇ. ആഷർ

വൈക്കം മുഹമ്മദ് ബഷീറിന്റെ 'ബാല്യകാലസഖി', 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു്', 'പാത്തുമ്മയുടെ ആടു്' എന്നീ നോവലുകൾ മനോഹരമായ ഇംഗ്ലീഷിൽ വിവർത്തനംചെയ്യുകയും, അവ മൂന്നും ചേർത്തു് എഡിൻബറോ യൂണിവേഴ്സിററി പ്രസ്സിൽനിന്നു് ആകർഷകമാംവിധം പ്രസിദ്ധീകരിക്കുകയും ചെയ്തുവഴി സമകാലമലയാളസാഹിത്യത്തിലേക്കു ലോകശ്രദ്ധ ആകർഷിച്ച പ്രൊഫസർ ആർ. ഇ. ആഷർ ഈയിടെ കേരളം സന്ദർശിക്കുകയുണ്ടായി. തിരുവനന്തപുരത്തുനിന്നു് അമ്പലപ്പുഴയിലെത്തി തകഴിയെ സന്ദർശിച്ച ആഷർ (തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവലിനു് ആഷർ രചിച്ച ഇംഗ്ലീഷ് വിവർത്തനം ഡില്ലിയിൽനിന്നു് 'ഓറിയൻറ് ലോങ്മാൻസ്' എന്ന പ്രസാധകർ 1975–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.) കാലവർഷത്തോടൊപ്പം മെയ് 31–ാംതീയതി കോഴിക്കോട്ടെത്തി. 'ജീവിച്ചിരിക്കുന്ന ഇന്ത്യൻ എഴുത്തുകാരിൽ ഏററവും തലപ്പൊക്കമുള്ള ഒരാൾ' എന്നു താൻതന്നെ വിവരിച്ചിട്ടുള്ള ബഷീറിന്റെ വീട്ടിലായിരുന്നു പിറേറന്നു്, ജൂൺ 1–ാംതീയതി, പ്രൊഫസ്സർ ആഷറുടെ ഉച്ചഭക്ഷണം. അന്നു വൈകുന്നേരം കോഴിക്കോട്ടു് ബുക്ക്ക്ലബ്ബ് സംഘടിപ്പിച്ച ഒരു സ്വീകരണത്തിൽവെച്ചു്, പ്രൊഫസ്സർ ആഷർ, 'പൊറേറക്കാട്ട്: വ്യക്തിയും സാഹിത്യകാരനും' എന്ന പുസ്തകത്തിന്റെ ഒരു പ്രതി പ്രൊഫസ്സർ സുകുമാർ അഴീക്കോടിന്റെ കൈയിൽനിന്നു സ്വീകരിച്ചുകൊണ്ടു്, രണ്ടു ദശാബ്ദംമുമ്പു് കുററിപ്പുഴ കൃഷ്ണപിള്ള, തകഴി, മുണ്ടശ്ശേരി, പൊറേറക്കാട്ട് മുതലായ കേരളീയ സാഹിത്യകാരന്മാരുമായി താൻ പരിചയപ്പെട്ട സാഹചര്യങ്ങൾ വിവരിച്ചു.

സാഹിത്യമല്ല, ഭാഷാശാസ്ത്രം (ലിംഗ്വിസ്റ്റിക്സ്) ആണു്, പ്രൊഫസ്സർ ആഷറുടെ 'സ്വക്ഷേത്രം.' ഭാഷാശാസ്ത്രത്തിന്റെ ആകാംക്ഷാവി

ജ്ഞാനം (സിന്റാക്സ്), അർത്ഥവിജ്ഞാനം (സെമാന്റിക്സ്) എന്നീ ശാഖകളാണ് എഡിൻബറോ സർവകലാശാലയിൽ അദ്ദേഹം മുഖ്യമായും കൈകാര്യം ചെയ്യുന്നത്. ഭാഷാശാസ്ത്രജ്ഞന്മാരെല്ലാം ബഹുഭാഷാപണ്ഡിതന്മാരാണെന്ന ഒരു വിശ്വാസം ജനങ്ങളുടെയിടയിൽ നിലവിലുണ്ടെങ്കിലും, ഭാഷാശാസ്ത്രത്തിൽ നൈപുണ്യം നേടുന്നതിന് ഒന്നിലേറെ ഭാഷകളിൽ പാണ്ഡിത്യം അനപേക്ഷണീയമല്ല എന്നു വന്നിട്ടു കാലം കുറെയായി. ഭാഷകളെ അപഗ്രഥിക്കാനും വിവരിക്കാനുമുള്ള ഒരു സാങ്കേതികരീതിയാണ്, സാരാംശത്തിൽ, ആധുനികഭാഷാശാസ്ത്രം. ഒരു ഭാഷ സമഗ്രമായി പഠിക്കാതെതന്നെ അതിനെ അപഗ്രഥിക്കാനും വിവരിക്കാനും കഴിവു നൽകുന്നു എന്നതത്രെ ഈ സാങ്കേതികരീതിയുടെ മേന്മ. സർ വില്യംജോൺസിനെപ്പോലെയുള്ള പൗരസ്ത്യവിജ്ഞാനികളുടെ ബഹുഭാഷാപാണ്ഡിത്യത്തിൽനിന്നും ബഹുസാഹിത്യപ്രണയത്തിൽനിന്നും ഉയിർക്കൊണ്ടതാണ് ഭാഷാശാസ്ത്രമെങ്കിൽക്കൂടി, പ്രാരംഭസ്രോതസ്സുകളിൽനിന്ന് അതു ബഹുദൂരം സഞ്ചരിച്ചുകഴിഞ്ഞിരിക്കുന്നു. യന്ത്രങ്ങൾ ഉപയോഗിച്ച്, മനുഷ്യപ്രയത്നം കൂടാതെ, ഒരു ഭാഷയിൽനിന്നു മറ്റൊരു ഭാഷയിലേക്കു വിവർത്തനം സാദ്ധ്യമാക്കുക, സംസാരിച്ചുകേൾക്കുന്ന ശബ്ദങ്ങൾ ലിപിരൂപത്തിൽ കടലാസ്സിൽ പകർത്തുന്ന യന്ത്രങ്ങൾ സംവിധാനംചെയ്യുക മുതലായ, തികച്ചും എൻജിനീയറിങ്ങിന്റെ മേഖലയിൽ ഉൾപ്പെടുത്താവുന്ന പ്രവർത്തനങ്ങളാണ് ഇന്നത്തെ പല പ്രമുഖ ഭാഷാശാസ്ത്രജ്ഞരെയും ആകർഷിക്കുന്നത്. ഭാഷാശാസ്ത്രത്തെ തത്ത്വചിന്തയുടെയും ശിശുമനശ്ശാസ്ത്രത്തിന്റെയും മറ്റു മേഖലകളിലേക്കു പടർത്തിയവരാണു വേറെ ചില ആധുനിക ഭാഷാശാസ്ത്രജ്ഞർ. ബീജഗണിതം സംബന്ധിച്ച ഒരു പ്രബന്ധത്തിൽനിന്ന് ആധുനികഭാഷാശാസ്ത്രത്തിന്റെ ചില വിഭാഗങ്ങളിൽപ്പെടുന്ന പ്രബന്ധങ്ങളെ, ഒറ്റനോട്ടത്തിൽ തിരിച്ചറിയുക വിഷമമാകുന്നു.

ഇന്നത്തെ ഭാഷാശാസ്ത്രജ്ഞർക്ക് ഭാഷയിൽപ്പോലും വലിയ താല്പര്യമോ അവഗാഹമോ ഉണ്ടായിക്കൊള്ളണമെന്നില്ല എന്നു വ്യക്തമാക്കുവാനാണ് ഇതിവിടെ പറഞ്ഞത്. ആ നിലയ്ക്ക്, അവർക്കു സാഹിത്യത്തിൽ പ്രത്യേകമായ യാതൊരു പ്രതിപത്തിയും ഉണ്ടാവേണ്ടതില്ല എന്നു വേറിട്ടു പറയേണ്ടതില്ല. ബ്രിട്ടീഷുകാരനായ ഒരു ഭാഷാശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം, ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇന്ത്യയിലെ അംഗീകൃതഭാഷകളുടെ പട്ടികയിൽ ഏറെക്കുറെ അടിയിൽമാത്രം സ്ഥാനമുള്ള മലയാളംപോലത്തെ ഒരു ഭാഷയിലോ, അതിലടങ്ങിയ സാഹിത്യത്തിലോ, ജീവകാലവ്യാപകമായ പ്രണയം തികച്ചും ആകസ്മികവും ഒട്ടൊക്കെ അത്ഭുതകരവുമാകുന്നു. ജന്മാന്തരബന്ധങ്ങളിൽ വിശ്വസിക്കാത്ത ഒരാൾക്ക്, പ്രൊഫസ്സർ ആഷറുടെ മലയാളസാഹിത്യപ്രതിപത്തിക്ക് ഒരു വിശദീകരണം നൽകുക പ്രയാസമായിരിക്കും.

ഭാഷാശാസ്ത്രവിദ്യാർത്ഥിയെന്ന നിലയിൽ ഇന്ത്യ സന്ദർശിച്ച ആഷർ സ്വാഭാവികമായും, ദക്ഷിണേന്ത്യയിൽ പ്രചരിക്കുന്ന ദ്രാവിഡഭാഷകളിൽ ആകൃഷ്ടനായി. ദ്രാവിഡഭാഷകൾക്കിടയിൽ കൂടുതൽ പഴക്കവും അത്യന്തം സമ്പന്നമായ ഒരു പ്രാചീനസാഹിത്യസമുച്ചയവുമുള്ള തമിഴാണ് ആദ്യമായി അദ്ദേഹം പഠിച്ചത്. തമിഴിൽനിന്ന് അദ്ദേഹത്തിന്റെ താത്പര്യം മലയാളത്തിലേക്കും വ്യാപിച്ചു. മലയാളം പഠിക്കുന്നതിനിടയിൽ, ഒരു അഭ്യാസമെന്ന നിലയിലാണ് അദ്ദേഹം ബഷീറിന്റെ ഒരു നോവൽ ആദ്യമായി വിവർത്തനംചെയ്തത്. ഈ പരിശ്രമം, പക്ഷേ, സുദീർഘവും മലയാളസാഹിത്യത്തെ സംബന്ധിച്ചിടത്തോളം അത്യന്തം പ്രയോജനകരവുമായ ഒരു പ്രക്രിയയുടെ തുടക്കം കുറിച്ചു. ഇന്ത്യ

യുടെ മററു ഭാഗങ്ങളിൽത്തന്നെ പരക്കെ അറിയപ്പെടാതെ, ഇതൊക്കെ അററത്തു്, മലകൾക്കും കടലിനുമിടയിൽ, കുടുങ്ങിക്കിടക്കാൻ വിധിക്കപ്പെട്ട ഏതാനും സമകാല മലയാളസാഹിത്യകാരന്മാരുടെ കൃതികളിലേക്കു് പാശ്ചാത്യലോകത്തിന്റെ ശ്രദ്ധയാകർഷിക്കുന്നതിൽ, ചെക്കോസ്ലോവാക്യക്കാരനായ കാമിൽ സ്വെലെബിലിനെപ്പോലെതന്നെ, മഹനീയമായ സേവനം ഇതിനകം പ്രൊഫസ്സർ ആഷർ നിർവഹിച്ചിട്ടുണ്ടു്.

പലരും കരുതിയേക്കാവുന്നതുപോലെ, അനായാസമായ ഒരു പ്രവൃത്തനമല്ല വിവർത്തനം. സ്രോതോഭാഷയിലും ലക്ഷ്യഭാഷയിലും വൈദഗ്ധ്യമുണ്ടെന്നതുകൊണ്ടുമാത്രം ഒരാൾ നല്ല വിവർത്തകൻ ആയിക്കൊള്ളണമെന്നില്ല. ഒരു നാണയം കൊടുത്തു മറെറാരു നാണയം (ഉദാഹരണത്തിനു് രൂപ കൊടുത്തു് ഡോളർ) വാങ്ങുംപോലെ എളുപ്പത്തിൽ ഒരു ഭാഷയിലെ ആശയങ്ങൾ മറെറാരു ഭാഷയിൽ പകർത്തുക സാദ്ധ്യമല്ല. ബഷീറിന്റെ കൃതികളുടെ വിവർത്തനത്തിൽ തനിക്കു നേരിടേണ്ടിവന്ന ചില പ്രശ്നങ്ങളെപ്പററി പ്രൊഫസർ ആഷർ എഴുതുന്നു:

'ഒരു ഇന്ത്യൻ ഭാഷയിൽ എഴുതപ്പെട്ടതും ഇന്ത്യൻ പശ്ചാത്തലത്തിൽ വിന്യസിക്കപ്പെടുന്നതുമായ ഒരു കഥ ഇംഗ്ലീഷിൽ പകർത്തുവാൻ ആഗ്രഹിക്കുന്ന വിവർത്തകനെ അഭിമുഖീകരിക്കുന്ന എല്ലാ സാധാരണപ്രശ്നങ്ങളും, പുറമെ അസാധാരണങ്ങളായ ചില പ്രശ്നങ്ങളും, ഇവിടെ എന്നെ നേരിടുകയുണ്ടായി.

'ഉദാഹരണത്തിനു് വസ്ത്രം, ഭക്ഷണം എന്നീ മേഖലകളിലെ സാംസ്കാരിക ഇനങ്ങൾക്കു തുല്യമായ ഒരു ഇനം പലപ്പോഴും ഇംഗ്ലീഷിൽ കിട്ടാനില്ല. ചിലേടത്തു്, ഞങ്ങൾക്കു് ഏറെക്കുറെ തുല്യമായ ഇനങ്ങൾകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. മററു ചിലേടത്തു്, മലയാളം വാക്കുകൾ ഇംഗ്ലീഷ് ലിപികളിൽ പകർത്തിവയ്ക്കുകയേ ഗതിയുണ്ടായിരുന്നുള്ളൂ. പാണ്ഡിത്യപ്രകടനക്കാർക്കു് പ്രിയപ്പെട്ട, ലിപികൾക്കു മുകളിലെ കുത്തുകളും വരകളും (ഡയാക്രിററിക്കൽ മാർക്കു്) ഞങ്ങൾ വിട്ടുകളഞ്ഞു. ഇത്തരം വാക്കുകൾ ആദ്യത്തെ തവണ ഇററാലിക്കു് ചെരിഞ്ഞ ലിപിയിൽ ചേർത്തു. ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറിയിൽ കാണുന്ന 'ജംബു' (ഞാവൽ), 'പന്തൽ' മുതലായ വാക്കുകൾ, അവ സാധാരണ ഇംഗ്ലീഷുകാരുടെ നിത്യസംഭാഷണത്തിൽ ഉള്ളതല്ലെങ്കിലും, സാധാരണ ഇംഗ്ലീഷ് ലിപിയിൽ തന്നെ അച്ചടിച്ചു.

'ചില ഉടുപ്പു് ഇനങ്ങളെപ്പററി എടുത്തുപറയുന്നതു് ഉചിതമായിരിക്കും. അരയ്ക്കു താഴെ മറയ്ക്കുവാൻ കേരളത്തിൽ സ്ത്രീകളും പുരുഷന്മാരും ഉപയോഗിക്കുന്ന തുണിക്കു കൂടുതൽ പരിചിതമായ 'ധോത്തി' എന്ന പദമാണു് വിവർത്തനത്തിൽ. പക്ഷെ, സ്ത്രീകൾ ധരിക്കുന്ന അതേ തുണിക്കു് 'മുണ്ടു്' എന്ന മലയാളപദം ഇംഗ്ലീഷ് അക്ഷരത്തിൽ ചേർത്തു. കൈനീണ്ടു് അരയ്ക്കുതാഴെ ഇറങ്ങിക്കിടക്കുന്ന മുസ്ലിം സ്ത്രീകളുടെ ബ്ലൗസിനു് 'കുപ്പായം' എന്ന മലയാളപദമാണു വിവർത്തനത്തിലും. കാരണം, വയർ പുറമെ കാണത്തക്ക വിധത്തിലുള്ള, കൈയിറക്കം കുറഞ്ഞ 'ബ്ലൗസ്' ആത്മാഭിമാനമുള്ള മുസ്ലിം സ്ത്രീ ധരിക്കരുതെന്ന ചിലരുടെ അഭിപ്രായം കഥയിലെ ഒരു സംഭവത്തിൽ ഒരു പ്രമുഖ ഘടകമാണു്.

'മുസ്ലീങ്ങളും മററു മതവിഭാഗക്കാരും ഉപയോഗിക്കുന്ന ബന്ധുതാവാചകപദങ്ങൾ മലയാളത്തിൽ മിക്കപ്പോഴും വ്യത്യസ്തങ്ങളാകുന്നു. ബാപ്പ, ഉമ്മ മുതലായ സംബന്ധിക്കുന്നു് ബഷീർകഥകളിൽ പല മലയാളി വായനക്കാരും കാണുന്ന സവിശേഷസ്വാദിനടിയിൽ ഇത്തരം സംബന്ധികൾ മിക്കയിടങ്ങളിലും അതേപടി നിലനിർത്തുകയാണു നല്ലതെന്നു ഞങ്ങൾ കരുതി. 'ഉപ്പുപ്പ' എന്ന വാക്കു ചിലേടങ്ങളിലേ ഞങ്ങൾ നിലനിർത്തിയിട്ടുള്ളൂ. കഥാഗതിക്കു് അത്യാവശ്യമായതുകൊണ്ടു് ഇ.ശാ

ക്ക' എന്ന വാക്കും നിലനിർത്തേണ്ടിവന്നു. മറ്റുള്ളിടത്തൊക്കെ, മലയാളത്തിലെ ബന്ധുത്വവാചകപദങ്ങൾക്കു സമാന്തരങ്ങളായ ഇംഗ്ലീഷ് പദങ്ങൾ ഞങ്ങൾ ഉപയോഗിച്ചു.

'കുടുംബത്തിൽ വയസ്സു മൂത്തവരെ പേരു ചൊല്ലി വിളിക്കരുതെന്നും, ബന്ധുത്വവാചകപദങ്ങൾ ഉപയോഗിച്ചേ അവരെ വിളിക്കാവൂ എന്നുമുള്ള മാമൂലാണ് ഏറെക്കുറെ ഇത്തരത്തിൽപ്പെട്ട, എങ്കിലും വ്യത്യസ്തമായ, ഒരു സാംസ്കാരിക സവിശേഷത. ചിലേടത്തു കൃത്രിമമായി തോന്നാമെങ്കിലും ഈ മാമൂൽ ഞങ്ങൾ നിലനിർത്തിയിട്ടുണ്ട്.

'ൻറുപ്പുപ്പാക്കൊരാനേണ്ടാർന്നു'' എന്ന നോവലിൽ ബഷീർ ഒരുപാട് മുസ്ലിംശൈലികൾ ഉപയോഗിച്ചിട്ടുണ്ട്. ഇംഗ്ലീഷ് മാതൃഭാഷയായ ശരാശരി ഇംഗ്ലീഷുകാർക്കെന്നപോലെ ശരാശരി അമുസ്ലിം മലയാളികൾക്കും പരിചയമില്ലാത്തവയാണ് ഈ ശൈലികൾ. വായനക്കാരെ പരിഭ്രമിപ്പിക്കാനല്ല, വ്യക്തമായ കലാലക്ഷ്യത്തോടെയാണ് ബഷീർ ഈ ശൈലി ഉപയോഗിച്ചിട്ടുള്ളത്. സന്ദർഭത്തിൽനിന്നോ, ഗ്രന്ഥകാരൻ തന്നെ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളിൽനിന്നോ ആശയം സുവ്യക്തമാകുന്ന ഇടങ്ങളിലെല്ലാം. വിവർത്തനത്തിൽ മൂലത്തിലെ പ്രയോഗങ്ങൾ നിലനിർത്തിയിരിക്കുന്നു. മൂലത്തിലില്ലാത്ത വ്യാഖ്യാനങ്ങൾ അപൂർവമായേ ഞങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളൂ. ദൈവം, പ്രവാചകൻ എന്നിവരെ കുറിക്കുന്ന അറബിപദങ്ങൾ അതേപടി നിലനിർത്തുന്നതു് ഉചിതമാണെന്നു ഞങ്ങൾ കരുതി. 'ദൈവം' എന്ന അർത്ഥത്തിൽ 'അള്ളാ' മാത്രമല്ല 'റബ്ബും' വിവർത്തനത്തിൽ കാണാം.

'ഒരു മുസ്ലിം സവിശേഷത പൂർണമായും ഞങ്ങൾ ഉപേക്ഷിച്ചു. മാപ്പിളമലയാളം (പ്രത്യേകിച്ചും വിദ്യാഭ്യാസം കുറഞ്ഞ മാപ്പിളമാരുടെ മലയാളം), ഉച്ചാരണത്തിലും വ്യാകരണത്തിലും ശബ്ദാവലിയിലും മറ്റു മലയാള ഭാഷാഭേദങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമാണ്. കഥകളിലെ സംഭാഷണഭാഗങ്ങളിൽ ബഷീർ ഈ ഭാഷാഭേദത്തിന്റെ സവിശേഷതകൾ വിശ്വസ്തതയോടെ നിലനിർത്തുന്നു. ഈ സംഭാഷണഭാഗങ്ങൾ വിവർത്തനംചെയ്യുന്നതിന് ഏതെങ്കിലും ഇംഗ്ലീഷ് ഭാഷാഭേദം (ഡയലക്ട്) തെരഞ്ഞെടുക്കുന്നതു സ്വാഭാവികമാകുമായിരുന്നു. പക്ഷേ, രണ്ടു കാരണങ്ങൾകൊണ്ടു ഞങ്ങൾ അതു ചെയ്തില്ല. ഒന്നാമതു്, ഒരു 'മുസ്ലിം ഇംഗ്ലീഷ്', ഇല്ല. ആ സ്ഥിതിക്ക് ഏതെങ്കിലുമൊരു പ്രാദേശിക-ഇംഗ്ലീഷ് ഭാഷാഭേദം തെരഞ്ഞെടുക്കുകയേ നിവൃത്തിയുള്ളൂ. അപ്പോൾ ഏതു ഭാഷാഭേദത്തെ തെരഞ്ഞെടുക്കാനും ഒരു നിയാമകതത്ത്വം ഇല്ലാതെപോവുന്നു. ഏതു ഭാഷാഭേദം തെരഞ്ഞെടുത്താലും മൂലത്തിന്റെ പ്രത്യേക 'സ്വാദ്'' കിട്ടാതെ പോവുന്നു. രണ്ടാമതു്, ഇംഗ്ലീഷ് ഭാഷാഭേദങ്ങൾ കണിശമായി പകർത്താൻ ലിപി അസമർത്ഥമാണ്. അതിനാൽ, അത്തരമൊരു നിരർത്ഥശ്രമം ഉപേക്ഷിക്കുകയാണ് നല്ലതെന്നു ഞങ്ങൾ കരുതി. ഈ നിയമത്തിന് ഒന്നോരണ്ടോ അപവാദങ്ങൾ 'ൻറുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവലിന്റെ വിവർത്തനത്തിൽ സ്വീകരിക്കേണ്ടിവന്നു. അവിടെ, കൂടുതൽ പഠിപ്പുള്ള അയിഷ കുഞ്ഞുപ്പാത്തുമ്മയെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നതോടൊപ്പം അവളുടെ ഉച്ചാരണം മെച്ചപ്പെടുത്താനും ശ്രമിക്കുന്നുണ്ട്. അതിനാൽ, സ്പെല്ലിങ്ങിലെ ചില സൂത്രവിദ്യകൾ കൊണ്ടു്, കഥയിലെ ചില പാത്രങ്ങളുടെ അസംസ്കൃതമായ ഉച്ചാരണം ഞങ്ങൾക്കു സൂചിപ്പിക്കേണ്ടിവന്നു. ഗ്രന്ഥനാമത്തിലും ഞങ്ങൾ ഇക്കാര്യത്തിൽ ഗ്രന്ഥകാരനെ പിൻതുടർന്നിട്ടുണ്ട്.

'മൂലത്തിലെ ഒരു സംസ്കൃതശൈലിക്കു പകരം വിവർത്തനത്തിൽ ഒരു ലാററിൻശൈലി ഉപയോഗിക്കുക മുതലായ അപ്രധാന കാര്യങ്ങൾ ഒരു വിശദീകരണം അർഹിക്കുന്നില്ല.

'ഒരു പ്രശ്നം, പക്ഷേ, തൃപ്തികരമായി പരിഹരിക്കാൻ കഴിയുന്നതായിരുന്നില്ല. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'' എന്ന നോവലിന്റെ അവസാനാദ്ധ്യായത്തിൽ ആ ആന, വാസ്തവത്തിൽ, 'ഒരു കുഴിയാനേർന്നു' എന്നു് ചില പിള്ളേർ വിളിച്ചുപറയുന്നുണ്ടു്. 'കുഴിയാന' എന്ന വാക്കിനു തുല്യമായ ഇംഗ്ലീഷ്പദം 'ആൻറ്ലയൺ' (ഉറുമ്പുസിംഹം) എന്നതാണു്. ആ സന്ദർഭത്തിലെ ശ്ലേഷം ഈ ഇംഗ്ലീഷ്പദം ഉപയോഗിച്ചാൽ കിട്ടുകയില്ല. അതിനാൽ 'എലിഫൻറ് ആൻറ്'' (ആനയുറുമ്പു്) എന്ന ഒരു പുതിയ ഇംഗ്ലീഷ് പദം സൃഷ്ടിച്ചുകൊണ്ടു് അവിടെ ഞങ്ങഠം തടിതപ്പുകയാണുണ്ടായതു്. ഞങ്ങളറിഞ്ഞിടത്തോളം അങ്ങനെയൊരു ജന്തു ഇല്ലെന്നു് വായനക്കാർക്കു ഞങ്ങഠം താക്കീതു തരുന്നു. പുസ്തകനാമത്തിലെ 'ആന'യെക്കുറിച്ചുള്ള സമാനമായ മറെറാരു സൂചന ഞങ്ങഠം ഉപേക്ഷിച്ചിരിക്കുകയാണു്. നായികയുടെ 'ഉപ്പുപ്പ'യുടെ 'ആനമക്കാർ' എന്ന പേരാണു് അതു്. ഈ പേരു് 'എലിഫെൻറ്മക്കാർ' എന്നു വിവർത്തനംചെയ്യുന്നതു താരതമ്യേന ക്ലിഷ്ടമായിത്തോന്നി. 'പരിചിതങ്ങളല്ലാത്ത പദങ്ങഠംക്കു് വിശദീകരണങ്ങഠം ആവശ്യമുള്ളവർക്കുവേണ്ടി ഞങ്ങളൊരു ശബ്ദകോശം പുസ്തകാവസാനത്തിൽ ചേർത്തിട്ടുണ്ടു്. മിക്ക വായനക്കാർക്കും അതു് ആവശ്യമുണ്ടാവുകയില്ലെന്നാണു് ഞങ്ങളുടെ പ്രതീക്ഷ.'

വിവർത്തനമെന്ന പ്രക്രിയയെ എത്രമാത്രം ഗൗരവബുദ്ധിയോടെയാണു് പ്രൊഫസർ ആഷർ സമീപിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാനാണു് ഇത്രയും ദീർഘമായ ഒരു ഉദ്ധാരണം ഇവിടെ ചേർത്തതു്. മൂലകൃതിയുടെ 'അർത്ഥം' മാത്രം നൽകുന്നതുകൊണ്ടു് അദ്ദേഹം തൃപ്തനല്ല. അതിന്റെ 'സ്വാദ്'' (ഫ്ളേവർ) വിവർത്തനത്തിലൂടെ ഇംഗ്ലീഷ് വായനക്കാർക്കു നൽകുകയാണു് അദ്ദേഹത്തിന്റെ ഉദ്ദേശ്യം. 'തർജമ സ്ത്രീയെപ്പോലെയാണു്, അവഠം സുന്ദരിയെങ്കിൽ വിശ്വസ്തയല്ല; വിശ്വസ്തയെങ്കിൽ സുന്ദരിയുമല്ല' എന്നൊരു ചൊല്ലുണ്ടു്. പ്രൊഫസർ ആഷറുടെ തർജമ ഒരേസമയം സുന്ദരിയും വിശ്വസ്തയുമാകുന്നു. അർവിതാത്മാവായ ഇത്തരമൊരു വിവർത്തകനെ ലഭിച്ചതു് ബഷീറിന്റെ ഭാഗ്യമാണു്; മലയാളസാഹിത്യത്തിന്റെ ഭാഗ്യമാണു് എന്നു പറയുന്നതും അതിശയോക്തിയായിരിക്കുകയില്ല. പ്രാതിനിധ്യസ്വഭാവമുള്ള കൃതികഠം സമാഹരിച്ചു വിവത്തനം ചെയ്തു യുനെസ്കോ പ്രസിദ്ധീകരിച്ചിട്ടുള്ള കൂട്ടത്തിൽ പ്രൊഫസർ ആഷർ വിവർത്തനംചെയ്ത 'ബാല്യകാലസഖി', 'ന്റുപ്പുപ്പാക്കൊരാനേണ്ടാന്ന്'', 'പാത്തുമ്മയുടെ ആട്'' എന്നിവ ഉഠംപ്പെടുത്തിയിരിക്കുന്നു.

(3 ജൂൺ, 1984)

# 65. കവിതിലകൻ പണ്ഡിതർ കെ. പി. കറുപ്പൻ

'ശൂദ്രമക്ഷരസംയുക്തം,
ദൂരതഃപരിവർജയേൽ'

എന്ന വരികഠം ഉദ്ധരിച്ചു്, സംസ്കൃതഭാഷയും അതിൽ നിക്ഷിപ്തമായ വിജ്ഞാനസമ്പത്തും കേരളത്തിൽ അബ്രാഹ്മണർക്കു്, വിശേഷിച്ചു് അധഃകൃതർക്കു് നിഷേധിക്കപ്പെട്ടിരുന്നു എന്നു് വാദിക്കുന്നവരെ നമ്മുടെ ഇടയിൽ ഇപ്പോഴും കാണാം. യാഗാദികർമങ്ങളെപ്പററി പ്രതി